# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ആലംകോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.28/1426/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 06-07-17

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആലംകോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആലംകോട് ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം.28/1426/2017 തിയ്യതി: 06/07/2017

<u>മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 07-11-2016 മുതൽ 13-06-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 14-06-2017 മുതൽ 24-06-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.സുരേഷ്. പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.അബ്ദുൽ റഷീദ്.എം.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. റിഷിൽ. പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

(ബി)നിർവ്വഹണാധികാരികൾ

| | | | | |
|---|---|---|---|---|
| പ്രസിഡന്റ് | : | | ശ്രീമതി.ആയിഷഹസ്സൻ | 1-4-2016 മുതൽ 31-3-17 വരെ |
| സെക്രട്ടറി | : | | ശ്രീ.നന്ദകുമാർ.കെ<br>അസി. സെക്രട്ടറി<br>( In Charge) | 1-4-16 മുതൽ 17-08-16 വരെ |

| | | |
|---|---|---|
| | | |
| | ശ്രീ.K.K.രാജൻ, സെക്രട്ടറി | 18-08-16 മുതൽ 6-11-16 വരെ |
| | ശ്രീ.P.P.വിജയൻ<br>അസി. സെക്രട്ടറി<br>( In Charge) | 7-11-16 മുതൽ 14-11-16 വരെ |
| | ശ്രീ.K.K.രാജൻ, സെക്രട്ടറി | 15-11-16 മുതൽ 15-01-17 വരെ |
| | ശ്രീമതി.T.A.സുബൈദ | 16-1-17 മുതൽ 31-3-17വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.നന്ദകുമാർ.കെ<br>ശ്രീ.ശ്രീ.P.P.വിജയൻ | 1-4-16മുതൽ 17-08-16വരെ<br>31-12-16 മുതൽ 31-3-17വരെ<br>(18-8-16 മുതൽ 30-12-16 വരെ ഒഴിവ്) |
| ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ് | കെ.സുരേഷ് | 1-4-16മുതൽ 31-3-17 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | സൗദാബി.K | 1-4-16മുതൽ 31-3-17 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | എം.കെ.സന്തോഷ് കുമാർ | 1-4-16 മുതൽ 31-3-17 വരെ |
| വെറ്ററിനറി സർജൻ | ഡോ.അഷറഫ്.പി.വി | 1-4-16 മുതൽ 31-3-17 വരെ |
| ആയുർവേദ മെഡിക്കൽ ഓഫീസർ | ഡോ.ഇ.പി.സുജീഷ് | 1-4-16 മുതൽ 31-3-17 വരെ |
| ഹോമിയോ മെഡിക്കൽ ഓഫീസർ | ഡോ.സിന്ധു.പി.വി | 1-4-16 മുതൽ 31-3-17 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.നിഗാർ കാസിം | 1-4-16മുതൽ13-7-16 വരെ |

| | | | |
|---|---|---|---|
| | | ഡോ.ജോൽന<br>ഡോ.സജിൻലാൽ | 14-7-16മുതൽ31-1-17 വരെ<br>1-2-17മുതൽ31-3-17 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | ബിജു | 1-4-16മുതൽ 31-3-17 വരെ |
| കൃഷി ഓഫീസർ | | ഇർഫാന.കെ<br>ബൈജു.എൽ.എസ്<br>ലാമിന.വി.കെ<br>ദിവ്യ സണ്ണി<br>ലാമിന.വി.കെ<br>ദിവ്യ സണ്ണി | 1-4-16 മുതൽ 30-9-16വരെ<br>01-10-16മുതൽ 14-11-16വരെ<br>15-11-16മുതൽ 10-12-16വരെ<br>11-12-16മുതൽ 6-1-17വരെ<br>7-1-17മുതൽ 30-1-17വരെ<br>31-1-17മുതൽ 31-3-17വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I<br>പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |

| | | | |
|---|---|---|---|
| 12 | ഡി ആന്റ് ഒ ലൈസൻസ് - അപാകതകൾ | 2-1 | |
| 13 | തൊഴിൽനികുതി അപാകതകൾ | 2-2 | |
| 14 | വസ്തു നികുതികുടിശ്ശിക കണക്കുകളിൽ കൃത്യതയില്ല;വാർഷിക കണക്കുകളിലും അപാകതകൾ. | 2-3 | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 15 | കേരളോത്സവം - അധിക തുക വിനിയോഗിച്ചത് സംബന്ധിച്ച് | 3-1 | |
| 16 | പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് - നിർവഹണത്തിലെ അപാകതകൾ | 3-2 | |
| 17 | ടി.എ അഡ്വാൻസ് ക്രമീകരിച്ചില്ല - | 3-3 | |
| 18 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-4 | |
| 19 | കിഴിക്കര അംഗനവാടി പുനരുദ്ധാരണം - അളവ് പുസ്തകപ്രകാരമുള്ള പ്രവൃത്തി ചെയ്തിട്ടില്ല – മറ്റ് അപാകതകൾ | 3-5 | |
| 20 | പള്ളിക്കുന്ന് അംഗനവാടി പുനരുദ്ധാരണം - എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത | 3-6 | |
| 21 | കാളച്ചാൽ അംഗനവാടി പുനരുദ്ധാരണം - സ്ട്രക്ച്ചറൽ സ്റ്റബിലിറ്റി ഇല്ലാത്ത കെട്ടിടത്തിൻമേൽ അറ്റകുറ്റ പണി | 3-7 | |
| 22 | PHC കെട്ടിടത്തിൽ ഗ്രിൽ നിർമ്മാണം - സർവീസ് ടാക്സ് അടവാക്കിയില്ല. | 3-8 | |
| 23 | ഗ്രാമ പഞ്ചായത്ത് ടാർ വാങ്ങി നൽകാത്തതിനാൽ ടാറിംഗ് പ്രവൃത്തികൾ നടന്നില്ല. | 3-9 | |
| 24 | പദ്ധതി നടത്തിപ്പിൽ മാർഗ്ഗരേഖാ ലംഘനം - 89,852 രൂപ തടസ്സം ചെയ്യുന്നു | 3-10 | |
| 25 | ഹോം കോയിൽ നിന്ന് മരുന്ന് ലഭിക്കുന്നതിന് കാലതാമസം –ചെലവു തുക തടസ്സം ചെയ്യുന്നു | 3-11 | |
| 26 | മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 3-12 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 30 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 31 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 32 | ഓഡിറ്റ് റിക്കവറി | 4-6 | |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |

| | | | |
|---|---|---|---|
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 37 | Audit Certificate | 2 | |
| 38 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| 39 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 40 | ബാലൻസ് ഷീറ്റ് | 5 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 11-3-2016 ലെ നമ്പർ 1 തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 8-2-2017 ലെ നമ്പർ 3 തീരുമാന പ്രകാരം അംഗീകരിച്ചു.

ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവു ചെലവു വിവരം താഴെ കൊടുക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 6886756 | 6286391 | | 600365 | 8.71 |
| വരവ് | 133411613 | 59264337 | | 74147226 | 55 |
| ആകെ | 140298369 | 65550728 | | 74747641 | 53 |
| ചെലവ് | 133184817 | 48210379 | | 84974438 | 63 |
| നീക്കിയിരിപ്പ് | 7113552 | 17340349 | 10226797 | | 143 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-17 | 1-6-17 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം- 57, 58 എന്നിവയിൽ നിർദ്ദേശിച്ചിട്ടുള്ള വിഷയങ്ങളിൽ നടപടി / പരിശോധന / സാക്ഷ്യപ്പെടുത്തലുകൾ ഭാഗികമായി മാത്രമാണ് സെക്രട്ടറി പൂർത്തീകരിച്ചിട്ടുള്ളത്.
2. അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടേയും മൂല്യം പൂർണ്ണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. 2016-17 വർഷം പുതിയതായി ആർജ്ജിച്ച ആസ്തികളെ ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല.
3. വസ്തു നികുതി- തൻവർഷ ഡിമാന്റ് റജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് റജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

4. നിക്ഷേപമിനത്തിലുള്ള 14,600 രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

5. വാർഷിക കണക്കിനൊപ്പം അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക, റസീറ്റ് & പേയ്മെന്റ് പത്രിക എന്നിവ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് – 6286391

വരവ് - 59264337

ആകെ - 65550728

ചെലവ് - 48210379

നീക്കിയിരിപ്പ് - 17340349

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ACR പ്രകാരം നീക്കിയിരിപ്പ് | AFS പ്രകാരം നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10681577 | 10681577 | 10444711 | 236866 | 0 | 97 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7268847 | 7268847 | 5556970 | 1711877 | 0 | 76 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 10086 | 10086 | 10086 | 0 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9339168 | 9339168 | 6922157 | 2417011 | 0 | 74 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2950080 | 2950080 | 1008148 | 1941932 | 0 | 34 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5990711 | 5990711 | 4397035 | 1593676 | 0 | 73 |
| KLGSDP | 0 | 3424203 | 3424203 | 1277329 | 2146874 | 0 | 37 |
| എം.എൻ.ആർ. ഇ.ജി.എസ്. | 1299 | 9416641 | 9417940 | 9392638 | . | 25302 | 99.7 |
| ബി ഫണ്ട് | 0 | 43538640 | 43538640 | 43538640 | - | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 196 | 98113816 | 123 | 44891972 | 5 | 68 | 63 |

പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 34.77 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3778242 | 8697977 | 4919735 | +130 |
| നികുതിയേതര വരവുകൾ | 3153783 | 2910343 | (-)243440 | (-)7.71 |
| മറ്റുവരവുകൾ | 9185855 | 10102104 | 916249 | +9.9 |
| ആകെ | 16117880 | 21710424 | 5592544 | 34.7 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 117240 | 81 |
| കർഷകതൊഴിലാളി പെൻഷൻ | 2496000 | 285 |
| വിധവാ പെൻഷൻ | 12434000 | 1287 |
| വാർദ്ധക്യകാല പെൻഷൻ | 24304300 | 2262 |
| വികലാംഗ പെൻഷൻ | 3230900 | 354 |
| അവിവാഹിത പെൻഷൻ | 506200 | 44 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 210000 | 7 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-6-2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15724/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

TR 7A കാഷ് ബുക്ക്, പ്രൊജക്ട് രജിസ്റ്റർ എന്നിവ ഹെഡ്മാസ്റ്റർ പരിപാലിച്ചിട്ടില്ല.

എഗ്രിമെന്റ് രജിസ്റ്റർ

അസിസ്റ്റന്റ് എഞ്ചിനീയർ എഴുതി സൂക്ഷിക്കുന്ന എഗ്രിമെന്റ് രജിസ്റ്ററിൽ കരാർ തുക വിവരം, സെക്യൂരിറ്റി നിക്ഷേപ വിവരം, എന്നിവ രേഖപ്പെടുത്തുന്നില്ല.

ടെണ്ടർ രജിസ്റ്റർ

ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ അംഗീകരിച്ച ഭരണസമിതി തീരുമാനത്തിന്റെ നമ്പർ /തിയ്യതി, ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായവരുടെ ഒപ്പ്, ടെണ്ടർ സ്വീകരിക്കപ്പെട്ടയാളുടെ പേര് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ എന്നിവ വച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.5.17 | 4/2017 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24-8-2004 (2003-04) | 1997-98 മുതൽ 2003-04 | 13-09-2004 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി ആന്റ് ഒ ലൈസൻസ് - അപാകതകൾ

2016-17 വർഷത്തെ ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ലൈസൻസ് ഫീസ് കുറവായി ഈടാക്കിയത്

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസിനത്തിൽ കുറവായാണ് ഈടാക്കിക്കാണുന്നത്.

| ക്രമ നമ്പർ | പേര്, രജിസ്റ്റർ റോൾ നമ്പർ | വാർഡ് നമ്പർ കെട്ടിടനമ്പർ, സ്ഥാപനം | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| 1 | പുളിക്കൽ ഉമ്മർ (8) | 19/4 മരമില്ല്, 35HP | 200 | 400 | 200 |
| 2 | സമീർ വെമ്പാലക്കര, കോക്കൂർ (89) | 63A Flour Mill & curry powder 30HP | 100 | 300 | 200 |
| 3 | നൃപേന്ദ്രകുമാർ സിംങ് (230) | X360,361 ശ്രീബിഹാരിജി സ്പൈസസ്, വരുമാനം 50,000/- | 600 | 1000 | 400 |
| 4 | സാബുജോണി (241) | III/38A 19/216A EVM Motors India Pvt. Ltd വരുമാനം 2,00,000/- | 600 | 4000 | 3400 |
| | | ആകെ | 1,500 | 5,700 | 4,200 |

2. <u>മുൻവർഷങ്ങളിലും ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങൾക്കും ലൈസൻസ് പുതുക്കി നല്കിയത്</u>

2016-17 വർഷങ്ങളിൽ ലൈസൻസ് പുതുക്കലിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കിയ ലൈസൻസിന്റെ പകർപ്പിൽ നിന്നും മുൻവർഷങ്ങളിൽ (2015-16 വർഷത്തെ) ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾക്കും ലൈസൻസ് പുതുക്കി നൽകിയതായി കാണുന്നുവെങ്കിലും അവരിൽ നിന്നും കുടിശ്ശിക പിരിച്ചെടുത്തതായി കാണുന്നില്ല.

| ക്രമ നമ്പർ | പേര് | വാർഡ് നമ്പർ, കെട്ടിട നമ്പർ, | സ്ഥാപനം | ഹാജരാക്കിയ സാക്ഷ്യപത്രം കുടിശിക |
|---|---|---|---|---|
| 1 | പി.വി മുഹമ്മദ് ഹസൈൻ | 16/106,107,164,165 | ആയുർവേദമരുന്ന് നിർമ്മിച്ച് സ്റ്റോക്ക് ചെയ്ത് വില്പന നടത്തുന്നതിന് | ബി1-58/13 dt. 28.2.13 മൂന്ന് വർഷം |
| 2 | പി.എ അബൂബക്കർഹാജി | 16/165A, 108 | -do- | B1-59/13 22.3.13 മൂന്ന് വർഷം |

| | | | | |
|---|---|---|---|---|
| 3 | സി.മുഹമ്മദാലി | 17/458 | വസ്തുവ്യാപാരം, മിന്നു കലക്ഷൻസ് | B1-196/14-15 dt. 22.2.13<br>രണ്ട് വർഷം |
| 4 | സെക്രട്ടറി, സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ചങ്ങരംകുളം | 18/608, 609 | വളം, കീടനാശിനി എന്നിവയുടെ വില്പന | B2-427/14-15 dt. 18.10.14<br>രണ്ട് വർഷം |
| 5 | ഗീത മോഹനൻ | 16/742A | Ladies Health Fitness Club | B2-459/14 dt. 29.12.14<br>രണ്ട് വർഷം |
| 6 | സതീശൻ പന്താവൂർ | Xvi/885 | സി.എസ് ഗ്ലാസ് | B2-438/14-15 29.10.14<br>രണ്ട് വർഷം |
| 7 | അൻവർ സാദത്ത് | XVI/839,840 | എം.പി ട്രേഡേഴ്സ് | B2-411/13-14<br>dt. 31.3.14<br>രണ്ട് വർഷം |

3. മുഴുവൻ രേഖകളും ഹാജരാക്കാതെ ലൈസൻസ് അനുവദിച്ചു

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് മുഴുവൻ രേഖകളും ഹാജരാക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്

| ക്രമ നമ്പർ | പേര്, രജിസ്റ്റർ പേജ് നമ്പർ | വാർഡ് നമ്പർ, കെട്ടിടനമ്പർ | സ്ഥാപനത്തിന്റെ വിവരം/ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|
| 1 | ജിജേഷ ജഗന്നിവാസൻ<br>(405) | XVI/710A, 710B, 710C | വാഹന പുക പരിശോധനാ കേന്ദ്രം - സാനിറ്ററി സർട്ടിഫിക്കറ്റില്ല |
| 2 | -ടി-<br>(406) | XVI/1065 | കെട്ടിട നിർമ്മാണ സാമഗ്രികൾ – സാനിറ്ററി സർട്ടിഫിക്കറ്റില്ല |
| 3 | പി.വി മോഹനൻ (426) | XVI/974 | അടക്കാകച്ചവടം - സാനിറ്ററി സർട്ടിഫിക്കറ്റില്ല |

| | | | |
|---|---|---|---|
| 4 | ഗിരീഷ് വി.വി(592) | XVII/154 | പവിത്രം ജ്വല്ലറി – സാനിറ്ററി സർട്ടിഫിക്കറ്റില്ല |
| 5 | അബ്ദുൾ റഷീദ് എം.സി (606) | XVIII/512 | കെട്ടിടനിർമ്മാണ സാമഗ്രികൾ – സാനിറ്ററി സർട്ടിഫിക്കറ്റില്ല |

സാനിറ്ററി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ലൈസൻസ് നൽകിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 11/2017തിയതി 23.06.17 പ്രകാരം വിശദ വിവരം ആരാഞ്ഞെങ്കിലും മറുപടി ലഭ്യമായിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ലൈസൻസ് ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക മുഴുവനായും ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 2-2 തൊഴിൽനികുതി അപാകതകൾ

a) സ്ഥാപന നികുതി ഈടാക്കിയില്ല

ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2016-17 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും ടി സ്ഥാപനങ്ങൾക്ക് വിധേയമായ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | ഈടാക്കേണ്ട നികുതി |
|---|---|---|
| 1 | ഇൻഡ്യൻ ഓവർസീസ് ബാങ്ക് | $1^{st}$ & $2^{nd}$ half 1250x2 = 2,500 |
| 2 | മുത്തൂറ്റ് ഫിൻകോർപ്പ് | $1^{st}$ half 1250x1= 1,250 |
| 3. | സിവിൽ സപ്ലൈ സൂപ്പർമാർക്കറ്റ് | $1^{st}$ & $2^{nd}$ 1250x2= 2,500 |

കൂടാതെ 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക നമ്പർ 2.5 ൽ സൂചിപ്പിച്ച സ്ഥാപനങ്ങളുടെ സ്ഥാപന നികുതിയും പിരിച്ചെടുത്തതായി കാണുന്നില്ല. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന പെട്രോൾ പമ്പുകൾ, സർവീസ് സ്റ്റേഷനുകൾ, കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സ്ഥാപന നികുതി ഈടാക്കിക്കാണുന്നില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും റിട്ടേൺ ലഭ്യമാക്കി തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

b) ജീവനക്കാരുടെ തൊഴിൽനികുതി കുറവായി ഈടാക്കിയത്

ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാർ അവരുടെ അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായ തൊഴിൽ നികുതി അടവാക്കി കാണുന്നില്ല.

| പേര് | വരുമാനം | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|
| റജീന, HSA(Arabic), GHSS, Kokkur | 1,60,591 | 750 | 1250 | 500 |
| Bharathiya Vijayan, PTS Govt.Aurveda Dispensary, Othalur | 72,745 | 450 | 600 | 150 |

| | | | | |
|---|---|---|---|---|
| | | | ആകെ | 650 |

തൊഴിൽനികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ 15,000/- രൂപ കുടിശ്ശികയായി പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. മൂന്ന് വർഷം കഴിഞ്ഞാൽ ഇവ കാലഹരണപ്പെട്ടുപോകുമെന്നതിനാൽ ഇവ പിരിച്ചെടുക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

പിരിച്ചെടുക്കാൻ അവശേഷിക്കുന്ന നികുതികൾ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 01/2017 തിയതി 16.06.2017 നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

## 2-3 വസ്തു നികുതികുടിശ്ശിക കണക്കുകളിൽ കൃത്യതയില്ല;വാർഷിക കണക്കുകളിലും അപാകതകൾ.

2016-17 വാർഷിക കണക്കുകളിൽ വസ്തു നികുതി സംബന്ധിച്ച കണക്കിൽ താഴെ പറയും പ്രകാരം അപാകതകൾ കാണുന്നു.

1. 2015-16 വർഷാവസാനം പിരിച്ചെടുക്കാൻ ശേഷിക്കുന്ന തുക ബാലൻസ് ഷീറ്റിലെ ബി- 15 ഷെഡ്യൂൾ പ്രകാരം 26.63 ലക്ഷം രൂപയാണ്. എന്നാൽ കുടിശ്ശികയിനത്തിൽ 2016-17 വർഷത്തിൽ 37.19 ലക്ഷം രൂപ പിരിച്ചെടുത്തതായി കാണുന്നു. 2016-17 ബാലൻസ് ഷീറ്റ് പ്രകാരം 19.43 ലക്ഷം പിരിച്ചെടുക്കാൻ ശേഷിക്കുന്നതായും കാണുന്നു. ആയതിൽ നിന്നും 31-03-2016 ലെ യഥാർത്ഥ കുടിശ്ശിക 56.62 ലക്ഷം ആണെന്ന് കാണുന്നു.

2. 2016-17 ലെ തൻവർഷ ഡിമാന്റ് (ഐ-1 ഷെഡ്യൂൾ പ്രകാരം) 48.99 ലക്ഷം രൂപയാണ്. ഇതിൽ തൻവർഷം പിരിച്ചെടുത്തത് (ആർ.പി 43 ഷെഡ്യൂൾ പ്രകാരം) 33.38 ലക്ഷം രൂപയാണ്. 31-03-17 ന് ബാക്കി 15.61 ലക്ഷം രൂപക്ക് പകരം ബാലൻസ് ഷീറ്റ് പ്രകാരം 16.39 ലക്ഷം രൂപയാണ് അവശേഷിക്കുന്നത്.

3. വസ്തു നികുതി കുടിശ്ശിക സംബന്ധിച്ച ആധികാരികമായ രേഖകൾ ഒന്നും തന്നെ ഗ്രാമ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല.

4. വസ്തു നികുതി കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറിലാണ് ചെയ്തു വരുന്നത്. കണക്കുകളിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കേരളോത്സവം - അധിക തുക വിനിയോഗിച്ചത് സംബന്ധിച്ച്

2016-17 വർഷത്തിൽ കേരളോത്സവ നടത്തിപ്പിനായി തനത് ഫണ്ടിൽനിന്നും താഴെ പറയും പ്രകാരം 62,484/- രൂപ ചെലവഴിച്ചതായി കാണുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തുക | ഇനം |
|---|---|---|---|
| 1 | 21600508/22.11.16 | 8,695 | ഫുട്ബാൾ വാങ്ങിയത് |
| 2 | 21600521/25.11.16 | 6,000 | ട്രോഫികൾ വാങ്ങിയത് |

| | | | |
|---|---|---|---|
| 3 | 21600561/8.12.16 | 10,000 | വിവധയിനം ചെലവുകൾ |
| 4 | 21600564/8.12.16 | 4,000 | റെമ്യൂണറേഷൻ നല്കിയത് |
| 5 | 21600580/17.12.16 | 15,000 | സ്റ്റേജ്, പന്തൽ തുടങ്ങിയവയുടെ ചെലവ് |
| 6 | 21600581/17.12.16 | 2,500 | കസേര, മേശ തുടങ്ങിയവയുടെ വാടക |
| 7 | 21600757/27.12.16 | 12,839 | ഓണറേറിയം നല്കിയത് |
| 8 | 21600631/5.1.17 | 3,450 | പ്രിന്റിംങ് ചാർജ്ജ് |
| | ആകെ | 62,484 | |

GO(Rt) 3156/16/LSGD/21.11.16 ഉത്തരവിൽ 2016-17 വർഷത്തെ കേരളോത്സവ നടത്തിപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കിയിട്ടുള്ളതാണ്. ഇതിൻ പ്രകാരം ഗ്രാമപഞ്ചായത്തിന് 50,000/- രൂപ പ്ലാൻ ഫണ്ടിൽനിന്നോ തനത് ഫണ്ടിൽ നിന്നോ ചെലവഴിക്കാൻ യഥേഷ്ടാനുമതി നല്കിയിട്ടുണ്ട്. എന്നാൽ മേൽ തുകയിൽ നിന്നധികരിച്ച് 12,484/- രൂപ ചെലവഴിച്ചിട്ടുണ്ട്. അധികരിച്ച നല്കിയ തുക സെക്രട്ടറിയിൽ നിന്നും ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 10/2017 തിയതി 23.06.17 നല്കിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

## 3-2 പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് - നിർവഹണത്തിലെ അപാകതകൾ

ആലക്കോട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ഗാർഹിക ബയോഗ്യാസ് പ്ലാൻറ് (പോർട്ടബിൾ) എന്ന പ്രൊജക്റ്റിൽ (പ്രൊജക്റ്റ് നമ്പർ 84/16-17) 105 ഗുണഭോക്താക്കൾക്ക് വീടുകളിൽ അവ സ്ഥാപിക്കുകയെന്നതാണ് ലക്ഷ്യമിട്ടത്. ശുചിത്വമിഷന്റെ 014/D&M/2016/16.2.17 ഉത്തരവ് പ്രകാരം ഈ പദ്ധതിക്ക് അംഗീകാരം ലഭിക്കുകയും ചെയ്തു. പ്രൊജക്റ്റിന്റെ ധനകാര്യ വിശകലനം താഴെ കൊടുക്കുന്നു.

ധനകാര്യകമ്മീഷൻ ഗ്രാന്റ് : 2,62,500

കേന്ദ്രാവിഷ്കൃത ഫണ്ട് : 5,25,000

ഗുണഭോക്തൃവിഹിതം : 3,15,000

ആകെ 11,02,500

ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14.07.2015 ലെ 2749/C2/2011/SM നടപടി ക്രമത്തിൽ ഈയിനത്തിൽ ഗുണഭോക്താക്കൾക്ക് നല്കേണ്ട സബ്സിഡി 5000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ശുചിത്വമിഷൻ സബ്സിഡിയുടെ 50% (അതായത് 25%) തദ്ദേശഭരണസ്ഥാപനങ്ങളുടെ സബ്സിഡി ആണെന്നും നിർദ്ദേശിക്കുന്നു.

<u>ചെലവഴിച്ച തുകയുടെ വിവരങ്ങൾ</u>

| വൗച്ചർ നമ്പർ | തുക | ഫണ്ട് |
|---|---|---|

| | | |
|---|---|---|
| 21600929/30.3.17 | 2,50,000 | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| 21600917/30.3.17 | 1,50,000 | ഗുണഭോക്തൃ വിഹിതം |
| 21600918/30.3.17 | 1,25,000 | തനത് ഫണ്ട് |
| ആകെ | 5,25,000 | |

കേരള ആഗ്രോ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് എടപ്പാൾ യൂനിറ്റിൽ നിന്നും നല്കിയ ഇൻവോയ്സ് പ്രകാരം (ഇൻവോയ്സ് നമ്പർ 2616/28.3.17) 50 എണ്ണം പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ 10,000/- രൂപ നിരക്കിൽ ലഭ്യമാക്കുകയും അഞ്ച് ശതമാനം ടാക്സ് ഉൾപ്പെടെ 5,25,000/- രൂപ മേൽ വൗച്ചറുകൾ പ്രകാരം സ്ഥാപനത്തിന് നല്കുകയും ചെയ്തിട്ടുണ്ട്. സബ്സിഡി തുക പരിധിയിൽ അധികരിച്ചിട്ടില്ലെങ്കിലും നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ശുചിത്വമിഷൻ നല്കേണ്ടിയിരുന്ന യൂനിറ്റ് കോസ്റ്റിന്റെ 50% തുക ലഭിക്കാതെയാണ് നിർവഹണം നടത്തിയിട്ടുള്ളത്.

2. പദ്ധതി വിഭാവനം ചെയ്തത് 105 ഗുണഭോക്താക്കൾക്കാണെങ്കിലും 66 ഗുണഭോക്താക്കളിൽ നിന്നും 3,000/- രൂപ വീതം 1,98,000/- രൂപ ഗുണഭോക്തൃവിഹിതമായി പിരിച്ചെടുത്തിട്ടുണ്ട്. ഇതിൽ 50 ഗുണഭോക്താക്കൾക്കായി 1,50,000/- രൂപയാണ് ചെലവഴിച്ചത് . പിരിച്ചെടുത്ത ബാക്കി തുക 48,000/- രൂപ ഗുണഭോക്താക്കൾക്ക് തിരിച്ചുനൽകുകയോ അവർക്ക് ബയോഗ്യാസ് പ്ലാൻറ് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

3. 17.3.17 ൽ സ്ഥാപനവുമായി വെച്ച കരാർ വ്യവസ്ഥ പ്രകാരം ഇവ വീടുകളിൽ സ്ഥാപിക്കേണ്ടത് സപ്ലൈ ചെയ്യുന്ന സ്ഥാപനമാണെന്നും വിതരണ തിയതി മുതൽ രണ്ട് വർഷത്തേയ്ക്ക് ഉണ്ടാവുന്ന എല്ലാ തകരാറുകളും പരിഹരിക്കേണ്ടതാണെന്നും പറയുന്നു. എന്നാൽ എത്ര വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട് എന്നതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മറുപടി ലഭ്യമാക്കുന്നതുവരെ ചെലവഴിച്ച തുക 5,25,000/- രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ 18/2017 തിയതി 24.06.17 നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

## 3-3 ടി.എ അഡ്വാൻസ് ക്രമീകരിച്ചില്ല -

ശ്രീ. കെ.കെ.രാജൻ, സെക്രട്ടറി (അധികച്ചുമതല) വൗച്ചർ നമ്പർ 21600502/18.11.16 പ്രകാരം 1,000/- രൂപ മുൻകൂർ യാത്രബത്ത കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും തുക ക്രമീകരിച്ചതായി കാണുന്നില്ല. മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിക്കാത്ത മുൻകൂർ തുകകൾ അടുത്ത ശമ്പളബില്ലിൽ നിന്നും വസൂലാക്കേണ്ടതാണ്. (Art. I under Art. 53(e) KFC). മുൻകൂർ നൽകിയ തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറി നമ്പർ 03/2017 തിയതി 19.06.17 നല്കിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

## 3-4 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്റ്റുകൾക്ക് നല്കിയ തുകകൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തുക | സ്ഥാപനം |
|---|---|---|---|
| 1 | 21600587/19.12.16 | 8,750 | ജലലഭ്യത ഉറപ്പുവരുത്തുന്നതിന് ഭൂജലവകുപ്പിന് നല്കിയത് |
| 2 | 21600748/22.2.17 | 3,500 | -do- |

| | | | |
|---|---|---|---|
| 3 | 21600719/10.2.17 | 1,00,000 | ABC പ്രോഗ്രാമിന് മലപ്പുറം ജില്ലാ മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർക്ക് നല്കിയത് (Proj.No. 160/16-17) |
| 4 | 21600743/21.2.17 | 2,00,000 | ഡി.പി.സി കെട്ടിടത്തിന് ഫണ്ട് നല്കൽ (Proj.No. 189/16-17) |
| 5 | 21600758/27.2.17 | 52,940 | IKM ന് വിഹിതം നല്കിയത് (Proj. 89/17) |
| 6 | 21600760/27.2.17 | 2,00,000 | സോഷ്യൽ സെക്യൂരിറ്റി മിഷന് ഫണ്ട് നല്കിയത് (Proj. 191/17) |
| | ആകെ | 5,65,190 | |

ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അതുവരെ 5,65,190 രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു

ഓഡിറ്റ് എൻക്വയറി നമ്പർ 12/2017 തിയതി 23.06.17 നല്കിയെങ്കിലും മറുപടി ലഭിച്ചില്ല.

## 3-5 <u>കിഴിക്കര അംഗനവാടി പുനരുദ്ധാരണം - അളവ് പുസ്തകപ്രകാരമുള്ള പ്രവൃത്തി ചെയ്തിട്ടില്ല - മറ്റ് അപാകതകൾ</u>

നിർവ്വഹണം- അസി.എഞ്ചിനീയർ

പ്രൊജക്ട് നം - SO 151/17

ബിൽ - 151/31.3.17

മൂല്യനിർണ്ണയം - 140425

കരാറുകാരൻ - റഫീഖ് .കെ.എ

കരാർ - 71/AE/LSGD/AKD/16-17 dt.20.2.17

പ്രവൃത്തിയിൽ അംഗനവാടി കെട്ടിടത്തിന്റെ അടുക്കളയിൽ കിച്ചൺ റാക്കിൽ ടൈൽസ് പാകൽ, വാൾ ടൈൽസ്, Galvanised Sheet Roofing(Truss Work), 150 mm PVC Gutter സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുന്നു.

<u>അപാകതകൾ</u>

1) പ്രവൃത്തിയുടെ ഇനം 6 പ്രകാരം 27 മീറ്റർ 150 mm PVC Gutter സ്ഥാപിച്ചതിന് 408.72/m പ്രകാരം 11035 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ 22.6.17 ന് ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ അംഗനവാടി കെട്ടിടത്തിന്റെ ഇരുവശങ്ങളിലെ ഷീറ്റുകളിലായി 150 mm PVC Gutter സ്ഥാപിച്ചത് 20 മീറ്ററാണെന്ന് ബോധ്യപ്പെട്ടു.

അതുകൊണ്ട് തന്നെ താഴെ പറയും പ്രകാരം 7 മീറ്ററിന് നൽകിയ 2861രൂപ അനുവദിക്കുന്നില്ല.

7 mtr * 408.72/m = 2861

2) പ്രവൃത്തിയുടെ മൂല്യനിർണ്ണയം താഴെ പറയും പ്രകാരമാണ്.

മൂല്യ നിർണ്ണയം - 127081.33

സർവീസ് ടാക്സ് (10.5%) - 13343.54

ആകെ മൂല്യ നിർണ്ണയം - 140424.87 = 140425

കുറവ്

VAT (4%) - 5083

IT (1%) - 1271

KCWF(1%) -1271

ആകെ 7625

കരാറുകാരന് നൽകിയത് - 132800

സർവീസ് ടാക്സ് കേന്ദ്ര സർക്കാരിലേക്ക് അടവാക്കേണ്ടതിനാൽ ആയത് കുറവ് ചെയ്തതിന് ശേഷമുള്ള തുക 119457 (132800 – 13343) രൂപയാണ് കരാറുകാരന് നൽകേണ്ടത്. പകരം 132800/- രൂപ കരാറുകാരന് നൽകി. അധികം നൽകിയ 13343 രൂപ (132800 – 119457) ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതും സർവീസ് ടാക്സ് കേന്ദ്ര സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

ആകെ ടി പ്രവൃത്തിയിൽ അധികം നൽകിയ 16204 രൂപ (2861 + 13343) അനുവദിക്കുന്നില്ല.

ഓഡിറ്റ് അന്വേഷണം (14/23.6.17)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-6 പള്ളിക്കുന്ന് അംഗനവാടി പുനരുദ്ധാരണം - എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത

നിർവ്വഹണം- അസി.എഞ്ചിനീയർ

പ്രൊജക്റ്റ് നം - SO 019/17

ബിൽ - 19/31.3.17

മൂല്യനിർണ്ണയം - 93217

കരാറുകാരൻ - P.V.അലി

കരാർ - 111/AE/LSGD/AKD/16-17 dt.29.2.16

പ്രവൃത്തിയിൽ അംഗനവാടി കെട്ടിടത്തിന്റെ മുകൾ ഭാഗത്ത് 1.20 മീറ്റർ നീളത്തിലുള്ള 6 പോസ്റ്റുകൾ കൊടുത്ത് Galvanised Sheet Roofing(Truss Work) നടത്താനും 150 mm PVC Gutter സ്ഥാപിക്കലും ഉൾപ്പെടുന്നു.

അപാകതകൾ

1) പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 20 മീറ്റർ നീളത്തിൽ 150 mm PVC Gutter സ്ഥാപിക്കുന്നതിനാണ് പ്രൊവിഷൻ വച്ചിട്ടുള്ളത്. ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ അംഗനവാടി കെട്ടിടത്തിന്റെ മുകളിൽ ഇരുവശങ്ങളിലെ ഷീറ്റുകളിലായി 20 മീറ്റർ 150 mm PVC Gutter സ്ഥാപിച്ചതായി കണ്ടു. എന്നാൽ കെട്ടിടത്തിന്റെ ഒരു വശത്തിന് മാത്രം ഏകദേശം 13-14 മീറ്റർ നീളമുള്ളപ്പോൾ എസ്റ്റിമേറ്റിൽ ടി ഇനത്തിന് 20 മീറ്റർ മാത്രം പ്രൊവിഷൻ വച്ചത് ക്രമപ്രകാരമല്ല. കെട്ടിടത്തിന്റെ നാലു വശങ്ങളിലുമായി ഏകദേശം 52 മീറ്റർ നീളത്തിൽ 150 mm PVC Gutter ആവശ്യമാണെന്നിരിക്കെ ആയത് മുഴുവനായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താഞ്ഞത് കാരണം PVC Gutter ന്റെ ലക്ഷ്യം കാണാതെ പോയി. ഇത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

കെട്ടിടത്തിന്റെ ഇരു വശങ്ങളിലും അപൂർണ്ണമായ രീതിയിലാണ് നിലവിൽ PVC Gutter നിലകൊള്ളുന്നത്.

പ്രവൃത്തിയിലെ അപാകത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം (15/23.6.17)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-8 PHC കെട്ടിടത്തിൽ ഗ്രിൽ നിർമ്മാണം - സർവീസ് ടാക്സ് അടവാക്കിയില്ല.

നിർവ്വഹണം- അസി.എഞ്ചിനീയർ

പ്രൊജക്റ്റ് നം - SO 144/17

ബിൽ - 144/31.3.17

മൂല്യനിർണ്ണയം - 43559

കരാറുകാരൻ - റഫീഖ്.കെ.എ

കരാർ - 66/AE/LSGD/AKD/16-17 dt.20.2.17

M.Book – 46/16-17

പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും പ്രവൃത്തിയുടെ മൂല്യനിർണ്ണയം താഴെ പറയും പ്രകാരമാണ്.

മൂല്യ നിർണ്ണയം - 39419.78

സർവീസ് ടാക്സ് (10.5%) - 4139.07

ആകെ മൂല്യ നിർണ്ണയം - 43558.85

കുറവ്

VAT (4%) - 1576

IT (1%) - 394

KCWF(1%) - 394

ആകെ 2364

കരാറുകാരന് നൽകിയത് - 41194

സർവീസ് ടാക്സ് കേന്ദ്ര സർക്കാരിലേക്ക് അടവാക്കേണ്ടതിനാൽ ആയത് കുറവ് ചെയ്തതിന് ശേഷമുള്ള തുകയാണ് കരാറുകാരന് നൽകേണ്ടത്. കരാറുകാരന് അനുവദിക്കാവുന്ന തുക 37055(41194-4139) രൂപയാണ്. അധികം നൽകിയ 4139 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതും സർവീസ് ടാക്സ് കേന്ദ്ര സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

പ്രവൃത്തിയിൽ അധികം നൽകിയ 4139 അനുവദിക്കുന്നില്ല.

ഓഡിറ്റ് അന്വേഷണം (17/23.6.17)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-8 കാളച്ചാൽ അംഗനവാടി പുനരുദ്ധാരണം - സ്ട്രക്ച്ചറൽ സ്റ്റബിലിറ്റി ഇല്ലാത്ത കെട്ടിടത്തിൻമേൽ അറ്റകുറ്റ പണി

നിർവ്വഹണം- അസി.എഞ്ചിനീയർ

പ്രൊജക്റ്റ് നം - SO 146/17

ബിൽ - 146/31.3.17

മൂല്യനിർണ്ണയം - 78068

കരാറുകാരൻ - സുരേഷ് കുമാർ

കരാർ - 70/AE/LSGD/AKD/16-17 dt.20.2.17

M.Book – 54/16-17

പ്രവൃത്തിയുമായി ബന്ധപ്പെട്ട അംഗനവാടി കെട്ടിടം 23.6.17 ഓഡിറ്റ് ടീം നേരിൽ സന്ദർശിച്ചു. കെട്ടിടത്തിന്റെ മുകൾ ഭാഗത്തും ഇരുവശങ്ങളിലുമായി വളരെ ഭംഗിയായി Galvanised Sheet Roofing(Truss Work) നടത്തിയിട്ടുണ്ട്. കൂടാതെ കെട്ടിടത്തിന്റെ മുറ്റത്തും ഇരുവശങ്ങളിലുമായി 25,000 രൂപ ചെലവിൽ ഇന്റർലോക്ക് പാകിയിട്ടുമുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ തറ ബലക്ഷയം സംഭവിച്ചതാണെന്ന് ഒറ്റനോട്ടത്തിൽ ബോധ്യപ്പെട്ടു. തറയുടെ പല ഭാഗവും ഇടിയുന്ന രീതിയിലും പല ഭാഗത്തും ഓട്ടകളും രൂപാന്തരപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ആദ്യം തറ ബലപ്പെടുത്തുന്നതിനുള്ള പ്രൊവിഷൻ വക്കേണ്ടതായിരുന്നു. ഇത്തരം കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പാക്കിയത് ശേഷമാണ് കെട്ടിടത്തിൻമേൽ അറ്റകുറ്റ പണി നടത്തേണ്ടത്. സ്ട്രക്ച്ചറൽ സ്റ്റബിലിറ്റി ഇല്ലാത്ത കെട്ടിടത്തിൻമേൽ അറ്റകുറ്റ പണികൾ നടത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം കെട്ടിടങ്ങളിൽമേൽ അറ്റകുറ്റ പണി നടത്തിയതിന് ശേഷമുണ്ടാകുന്ന അത്യാഹിതങ്ങൾക്ക് പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതി അംഗങ്ങൾക്കുമായിരിക്കും. പഴയ കെട്ടിടങ്ങൾക്കുമേൽ അറ്റകുറ്റ പണികൾ ബന്ധപ്പെട്ട കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം (16/23.6.17)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-9 ഗ്രാമ പഞ്ചായത്ത് ടാർ വാങ്ങി നൽകാത്തതിനാൽ ടാറിംഗ് പ്രവൃത്തികൾ നടന്നില്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളുടെ ഭാഗമായി നടത്തുന്ന മരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ ടാർ എത്രയെന്ന് കണ്ടെത്തുകയും ആയത് പൊതുമേഖലാ എണ്ണകമ്പനികളിൽ നിന്നും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം നേരിട്ട് വാങ്ങി കോൺട്രാക്റ്റർമാരുടെ ആവശ്യ പ്രകാരം അടിയന്തിരമായി ലഭ്യമാക്കുന്നതിനും 10.2.17 ലെ 75/ഡി.എ 1/2017 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ നിർദേശിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പാലിക്കാതിരുന്നത് വഴി ആലക്കോട് ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷത്തിൽ നടപ്പാക്കേണ്ടിയിരുന്ന താഴെ പറയുന്ന ടാറിംഗ് പ്രവൃത്തികൾ നടപ്പാക്കാനാകാതെ പോയി. നിലവിലുള്ള ഉത്തരവിന് വിധേയമായി എസ്റ്റിമേറ്റിൽ പറയും പ്രകാരം ആവശ്യമായ ബിറ്റുമിൻ വാങ്ങി സൂക്ഷിക്കേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ ചുമതലയായിരുന്നു. ആയത് പാലിക്കാതിരുന്നത് വഴി തൻവർഷം ഒരു ടാറിംഗ് പ്രവൃത്തിപോലും നടപ്പാക്കാൻ കഴിഞ്ഞില്ല.

| ക്രമ നം | പ്രൊജക്റ്റ് നം | പ്രവൃത്തി | ആവശ്യമായ എമൽഷൻ(kg) | ആവശ്യമായ ബിറ്റുമിൻ(kg) |
|---|---|---|---|---|
| 1 | 42 | കക്കിടിപ്പുറം-ആമയിൽ താഴം റോഡ് റീടാറിംഗ് | 162.25 | 1375.7 |
| 2 | 46 | കക്കിടിക്കൽ-ആലിങ്ങൽ നെല്ലിശ്ശേരി റോഡ് റീടാറിംഗ് | 438.9 | 3971.12 |
| 3 | 49 | വളയംകുളം മനക്കൽകുന്ന് റോഡ് റീടാറിംഗ് | 219.45 | 1985.94 |
| 4 | 117 | ഞാറക്കുന്ന് റോഡ് റീടാറിംഗ് | 316.58 | 2891.47 |
| 5 | 118 | കിളിയം കുന്ന് റോഡ് റീടാറിംഗ് | 57.75 | 515.58 |
| 6 | 134 | കോക്കൂർ ഹൈസ്കൂൾ മാത്തുംപുറം റോഡ് റീടാറിംഗ് | 176 | 1613.6 |
| 7 | 153 | ഷോപ്പിംഗ് കോംപ്ലക്സ് ബസ്സ്റ്റാന്റ് കോമ്പൗണ്ട് റോഡ് റീടാറിംഗ് | 250.25 | 2414.05 |

| | | | | |
|---|---|---|---|---|
| 8 | 179 | താടിപടി പള്ളിക്കുന്ന് റോഡ് റീടാറിംഗ് | 412.5 | 3893.77 |
| 9 | 200 | കണിയത്ത് പറമ്പിൽ തെക്കുമുറി ഹിദായത്തുൽ മദ്രസ്സ റോഡ് റീടാറിംഗ് | 189.75 | 1645.74 |
| 10 | 213 | കക്കിടിപ്പുറം കക്കിടിക്കൽ റോഡ് റീടാറിംഗ് | 178.26 | 1355.64 |
| 11 | 141 | പന്താവൂർ മനക്കടവത്ത് റോഡ് റീടാറിംഗ് | 77.22 | 645.40 |
| ആകെ | | | 2478.91 | 22308.01 |

ടാർ വാങ്ങി നൽകാത്തത് കാരണം ടാറിംഗ് പ്രവൃത്തികൾ നടന്നില്ലെങ്കിൽ ആയത് ബന്ധപ്പെട്ട സെക്രട്ടറിയുടെ വീഴ്ചയായി കാണുന്നതും നടപടി സ്വീകരിക്കുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ഇത്തരത്തിൽ വീഴ്ച സംഭവിക്കാനുള്ള സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി ഭരണ സമിതിയുടെ വ്യക്തമായ അഭിപ്രായം അറിയിക്കേണ്ടതാണ്.

## 3-10 പദ്ധതി നടത്തിപ്പിൽ മാർഗ്ഗരേഖാ ലംഘനം - 89,852 രൂപ തടസ്സം ചെയ്യുന്നു

നിർവ്വഹണം-ഹെഡ്മാസ്റ്റർ

ജി ഒ (എം എസ്) 4/2016/ തസ്വഭവ തിയ്യതി 7.1.2016 പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം വിദ്യാഭ്യാസ മേഖലയിൽ മുഴുവൻ സർക്കാർ സ്കൂളുകളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാണ് മുൻഗണന നൽകേണ്ടത്. പ്രൈമറി വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വികസിപ്പിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ എസ്.എസ്.എ നടപ്പിലാക്കി വരുന്നതിനാൽ ഇത്തരം പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നുണ്ടെങ്കിൽ ആയത് എസ്. എസ് .എ പ്രോജക്ടിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കേണ്ടത്. ജി.ഒ(എം.എസ്) 362/2013/ തസ്വഭവ തിയ്യതി 16.11.2013 പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ പൊതു നിബന്ധനകൾ 2.2 പ്രകാരം സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനങ്ങൾക്ക് സബ്സിഡി നൽകുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതാണ്.

താഴെ പറയുന്ന പ്രൊജക്റ്റ് പ്രാകാരം സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനങ്ങൾക്ക് ചെലവ് അനുവദിച്ചിട്ടുണ്ടെങ്കിലും സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിട്ടില്ല.

| പ്രോജക്റ്റ്നം. | ചെലവ് | ബിൽ |
|---|---|---|
| SOO88/16-17 | 1,60,000 | 6/23.3.17 |

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ അവരുടെ ക്ലാസ്സുകളിലെ തന്നെ അറിവുള്ള കുട്ടികൾ തന്നെ പഠിപ്പിച്ച് സാക്ഷരരാക്കുന്ന പദ്ധതിയാണിത്. താഴെ പറയുന്ന സ്കൂളുകൾക്ക് പത്രം, ബാലമാസിക വിതരണം, ബേസ് ലൈൻ പഠനത്തിനാവശ്യമായ സ്റ്റേഷനറി, അച്ചടി എന്നീ ഇനങ്ങൾക്ക് വേണ്ടിയാണ് തുക ചെലവഴിച്ചിരിക്കുന്നത്.

| ക്രമ നം | സ്കൂൾ | അനുവദിച്ച തുക |
|---|---|---|
| 1 | GUPS Othalur | 12258 |
| 2 | GLPS Alamkode | 12258 |
| 3 | GHSS Kokkoor | 3900 |
| 4 | BTMUPS Alamkode | 12258 |
| 5 | KVUPS Kakkidipuram | 12258 |
| 6 | Janatha ALPS Alamkode | 12258 |
| 7 | ALPS Chiyyanur | 12258 |
| 8 | AMLPS Othalur South | 12258 |

| | | |
|---|---|---|
| 9 | AMLPS Kokkur | 12258 |
| 10 | ALPS Perumukku | 12258 |
| 11 | AMLPS Panthavoor | 12258 |
| 12 | AMLPS Kakkidipuram | 12258 |
| 13 | GLPS Chiyyanur | 21262 |
| | Total | 1,60,000 |

ഇതിൽ പത്രം , ബാലമാസിക എന്നീ ഇനങ്ങൾക്ക് വേണ്ടി 70148 രൂപയും പ്രിന്റിംഗ്, സ്റ്റേഷനറി ഇനത്തിൽ 89,852 രൂപയും ചെലവ് വന്നിട്ടുണ്ട്.

പദ്ധതി മാർഗ്ഗ രേഖ പ്രകാരം പഞ്ചായത്തിന് ചെലവഴിക്കാൻ വ്യവസ്ഥയില്ലാത്ത പ്രിന്റിംഗ്, സ്റ്റേഷനറി തുടങ്ങിയവ നിർവ്വഹണം നടത്താൻ എസ്.എസ്.എ ക്ക് പ്രതിവർഷം പ്ലാൻ ഫണ്ടിൽ നിന്നും തുക നൽകിവരുന്നുണ്ട്. അതിന് പുറമേ വിദ്യാഭ്യാസ വകുപ്പ് ഇത്തരം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ കാര്യങ്ങൾക്ക് തുക ചെലവഴിക്കുന്നുമുണ്ട്. മേൽപ്പറഞ്ഞ ഇനങ്ങൾക്ക് പുറമേയാണ് തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രോജക്ട് തയ്യാറാക്കാൻ അനുമതിയുള്ളത്. ഹോണറേറിയമോ, വേതനമോ കൂടാതെ സന്നദ്ധ മനോഭാവത്തോടുകൂടി പ്രവർത്തിക്കാൻ കഴിവുള്ള അദ്ധ്യാപകർ, വിദ്യാസമ്പന്നരായ യുവതിയുവാക്കൾ എന്നിവരെ ഉപയോഗപ്പെടുത്തി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേകം കോച്ചിങ് നൽകാവുന്നതാണ്. മേൽ പദ്ധതിയിൽ പ്രിൻറ്റിംഗ്, സ്റ്റേഷനറി ഇനത്തിലുള്ള ചെലവുകൾ സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെ നടത്തിയത് ക്രമപ്രകാരമല്ല. ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഇത്തരത്തിലുള്ള ചെലവുകൾ നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തീരുന്നതാണ്. 89,852 രൂപയുടെ ചെലവ് അനുമതി ഉത്തരവിന്റെ അഭാവത്തിൽ തടസ്സം ചെയ്യുന്നു.

## 3-11 ഹോം കോയിൽ നിന്ന് മരുന്ന് ലഭിക്കുന്നതിന് കാലതാമസം –ചെലവു തുക തടസ്സം ചെയ്യുന്നു

പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭിക്കുന്നത് പ്രധാനമായും സർക്കാർ സ്ഥാപനമായ കേരള സംസ്ഥാന ഹോമിയോപതിക് കോ.ഓ ഫാർമസി (HOMCO) യിൽ നിന്നുമാണ്. ഹോമിയോ ഡോക്ടർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരുന്നു വാങ്ങൽ പദ്ധതി പ്രകാരം മുൻകൂർ പണമടച്ചിട്ടും ഹോംകോയിൽ നാളിതു വരെ മരുന്നുകൾ ലഭിച്ചിട്ടില്ല.

പ്രൊജക്റ്റ് നമ്പർ 41/2017

അടങ്കൽ ₹150,000

ട്രഷറിയിൽ നിന്നും തുക പിൻവലിച്ചത് : ബിൽ നമ്പർ 1/16-17 dt 16-12-16

ഡി.ഡി 238954/23-12-16 എസ്.ബി.ടി ചങ്ങരംകുളം

ഹോംകോയ്ക്ക് മരുന്നുകളുടെ ഇൻഡന്റ് നൽകുകയും അതു പ്രകാരം ലഭ്യമാക്കിയ ഇൻവോയ്സ് അനുസരിച്ച് ട്രഷറിയിൽ നിന്നും പണം പിൻവലിച്ച് നൽകുകയാണ് ചെയ്തതെങ്കിലും സമയബന്ധിതമായി മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്ഥാപനവുമായി യാതൊരു ധാരണയിലും കരാറിലും ഏർപ്പെട്ടിട്ടുമില്ല. ഇക്കാരണത്താൽ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ലഭിക്കാത്ത അവസ്ഥ ഉണ്ടാകുന്നു.

മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. ചെലവു തുക 1,50,000 രൂപ തടസ്സം ചെയ്യുന്നു.

## 3-12 മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ 58/17 "ആയുർ സ്പർശം - സാന്ത്വന പരിചരണം എന്ന പ്രൊജക്റ്റ് പ്രകാരം ഔഷധിയിലേക്കും ഹോംകോയിലേക്കും 1,25,000 രൂപ മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

പ്രോഫോർമാ ഇൻവോയ്സ് 1423GP /2016-17 dt 16-1-17

രശീതി നമ്പർ 762/3142 dt 11-2-17

കാഷ് ഇൻവോയ്സ് നമ്പർ/തീയതി: 4757/19-03-17, 48713 രൂപ

76287 രൂപക്കുള്ള മരുന്നുകൾ ഇനിയും ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. 76287 രൂപ തടസ്സം ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | മുൻകൂർ നൽകിയതുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KWA | AMLPS ആശാരികോളനി പൊതുടാപ്പ് നീട്ടൽ | 2160089/8.3.17 | 50000 | - | പൂർത്തീകരിച്ചിട്ടില്ല | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഷോപ്പിങ്ങ് കോംപ്ലക്സ് അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ | KURDFC/GP/ 156/07/11.3.16 | 17,00,000 | 7577701 | 1473820 | 825347 | 6103881 |
| ഇ.എം.എസ്. ഭവന പദ്ധതി | | 8,504 (ബാങ്കിൽ നിന്നുള്ള പലിശ വരവ്) | 3782504 | 753468 | 0 | 3030906 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 14,600 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 14600 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 14600 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇക്വറ്റിഷെയറുകൾ | 14600 |
| ആകെ | 14600 |

വാർഷിക കണക്കുകളിൽ പ്രസ്താവിക്കുന്ന സ്ഥിരനിക്ഷേപം സംബന്ധിച്ച രേഖകൾ ഭൗതിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2007-08 | 3-5 | 1225 | ഷംസുദീൻ | 11614102406 dt 26-08-16 |
| 2007-08 | 3-5 | 3000 | പി.രാമകൃഷ്ണൻ | 11614103003 dt 27-09-16 |
| 2013-14,2014-15 | 2-2 | 387 | ജോയ് തോമസ് | 11614103319 dt 7-10-16 |
| 2013-14,2014-15 | - | 2532 | പി.വി.ഗംഗാധരൻ | 11614103565 dt 21-10-16 |
| 2013-14,2014-15 | - | 613 | എ.വി.അനീഷ് | 11614103566 dt 21-10-16 |
| 2013-14,2014-15 | | 169 | എ.വി.അനീഷ് | 11614103567 dt 21-10-16 |
| 2013-14,2014-15 | - | 2078 | എ.വി.അനീഷ് | 11614103568 dt 21-10-16 |
| 2013-14,2014-15 | - | 2606 | എം.വി.കർണ്ണൻ | 11614103569 dt 21-10-16 |
| 2013-14,2014-15 | - | 3338 | കെ.ബാലകൃഷ്ണൻ | 11614103570 dt 21-10-16 |
| 2013-14,2014-15 | - | 300 | എം.വേലായുധൻ | 11614103571 dt 21-10-16 |
| 2013-14,2014-15 | - | 210 | ടി.പി.ദിലീഷ് | 11614103572 dt 21-10-16 |
| 2013-14,2014-15 | - | 150 | ടി.പി.ദിലീഷ് | 11614103573 dt 21-10-16 |
| 2013-14,2014-15 | - | 150 | ആർ.രാജൻ | 11614103574 dt 21-10-16 |
| 2013-14,2014-15 | - | 420 | ഷരീഫ് | 11614103618 dt |

| | | | | |
|---|---|---|---|---|
| | | | | 22-10-16 |
| 2013-14,2014-15 | - | 1000 | പി.എ.ലത്തീഫ് | 11614102284 dt 22-8-16 |
| 2013-14,2014-15 | - | 387 | ഇബ്രാഹിം | 11614102319 dt 23-8-16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 44 | 2003-04 | പൊതു പരാമർശം | ട്രാക്ടർ വാങ്ങിയതിലെ അപാകത | നടപടി തുടരുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 59264337 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 48210379 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 4850 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 15345 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1406329 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 2-1 | 4200 | | ശ്രീമതി.ടി.എ.സുബൈദ,സെക്രട്ടറി |
| 2-2 | 650 | | ശ്രീമതി.ടി.എ.സുബൈദ,സെക്രട്ടറി |
| 3-1 | | 12484 | ശ്രീ.കെ.കെ.രാജൻ, സെക്രട്ടറി |
| 3-5 | | 2861 | ശ്രീ.എം.കെ. സന്തോഷ് കുമാർ, അസി. എഞ്ചിനീയർ |
| ആകെ | 4850 | 15345 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 525000 | ശ്രീമതി.ടി.എ.സുബൈദ,സെക്രട്ടറി |
| 3-4 | 8750 | ശ്രീ.കെ.കെ.രാജൻ, സെക്രട്ടറി |
| | 556440 | ശ്രീമതി.ടി.എ.സുബൈദ,സെക്രട്ടറി |
| 3-10 | 89852 | ശ്രീ.കെ.സുരേഷ്, ഹെഡ്മാസ്റ്റർ |
| 3-11 | 150000 | ഡോ.സിന്ധു.പി.വി., മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-12 | 76287 | ഡോ.ഇ.പി.സുജീഷ്, മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| ആകെ | 1406329 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| | | |
|---|---|---|
| 3-5 | 13343 | ശ്രീ.എം.കെ. സന്തോഷ് കുമാർ, അസി. എഞ്ചിനീയർ |
| 3-8 | 4139 | ശ്രീ.എം.കെ. സന്തോഷ് കുമാർ, അസി. എഞ്ചിനീയർ |
| ആകെ | 17482 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| 1.ശ്രീമതി.ടി.എ.സുബൈദ,സെക്രട്ടറി | - | മൂക്കട ഹൗസ്,<br>കൊറ്റമറ്റം, നീലീശ്വരം (പി.ഒ)<br>എറണാകുളം |
| 2.ശ്രീ.കെ.കെ.രാജൻ, സെക്രട്ടറി | സെക്രട്ടറി, നന്നംമുക്ക് ഗ്രാ.പ | കല്ലേപറമ്പിൽ വീട്,<br>പി.ഒ. കോച്ചർ,<br>തൃശ്ശൂർ |
| 3. ശ്രീ.എം.കെ. സന്തോഷ് കുമാർ, അസി. എഞ്ചിനീയർ | | മുണ്ടംവേലി ഹൗസ്,<br>കൊരട്ടി(പി.ഒ),<br>തൃശ്ശൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1982-83 | എൽ.എഫ്.എം.8/406/97/18.2.97 | 9 | |
| 83-84 | എൽ.എഫ്.എം.8/407/97/18.2.97 | 11 | |
| 84-85 | എൽ.എഫ്.എം.8/408/97/18.2.97 | 10 | |
| 85-86 | എൽ.എഫ്.എം.8/409/97/18.2.97 | 12 | |
| 88-90 | എൽ.എഫ്.എം.8/411/97/18.2.97 | 12 | |
| 90-91 | എൽ.എഫ്.എം.8/412/97/19.2.97 | 6 | |

| | | | |
|---|---|---|---|
| 91-92 | എൽ.എഫ്.എം.8/413/97/19.2.97 | 6 | |
| 92-93 | എൽ.എഫ്.എം.8/414/97/19.2.97 | 6 | |
| 93-94,94-95,95-96 | എൽ.എഫ്.എം.9/57/00/11.4.00 | 2 | |
| 96-97 | എൽ.എഫ്.എം.9/988/11.5.99 | 5 | |
| 97-98 | എൽ.എഫ്.എം.9/597/98/9.11.99 | 9 | |
| 98-99 | എൽ.എഫ്.എം.4/852/02/24.5.03 | 7 | |
| 99-00 | എൽ.എഫ്.എം.9/333/04/3.7.04 | 25 | |
| 00-01ചെലവ് | എൽ.എഫ്.എം.9/383/08/27.11.06 | 4 | |
| 00-01 വരവ് | എൽ.എഫ്.എം.8/1773/07/23.1.09 | 10 | |
| 01-02 | എൽ.എഫ്.എം.8/1774/07/23.1.09 | | |
| 02-03 | എൽ.എഫ്.എം.8/1775/07/23.1.09 | 11 | |
| 03-04 | എൽ.എഫ്.എം.8/1776/07/23.1.09 | 5 | |
| 04-05 | എൽ.എഫ്.എം.8/1777/07/23.1.09 | 5 | |
| 05-06 | എൽ.എഫ്.എം.8/1778/07/23.1.09 | 13 | |
| 06-07 | എൽ.എഫ്.എം18/1366/11/27.3.2012 | 14 | |

| | | | |
|---|---|---|---|
| | | | |
| 07-08 | എൽ.എഫ്.എം18/2323/11/27.3.12 | 10 | |
| 08-09 | എൽ.എഫ്.എം18/574/11/31.5.11 | 10 | |
| 09-10,10-11 | എൽ.എഫ്.എം17/2389/2013/29.3.14 | 26 | |
| 11-12,12-13 | എൽ.എഫ്.എം17/440/15/2015/9.4.2015 | 28 | |
| 2013-14, 2014-15 | കെ.എസ്.എ.എം.പി.എം28/1406/16/11-7-2016 | 20 | |
| 2015-16 | കെ.എസ്.എ.എം.പി.എം28/3275 /16/20-01-2017 | 28 | |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

## അനുബന്ധം 1

# Audit Certificate

No. KSAMPM.28/1426/16

Kerala State Audit Department.

District Audit Office, Malappuram

PIN - 676 505, Phone: 0483 2734951

e - mail. dompm.ksad@kerala.gov.in

Dated. 10-07-17

CERTIFICATE

Certified that I have examined the Annual Financial Statement of Alamcode Grama Panchayat for the year ended on 31-03-2017 in Malappuram District in accordance with Section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of Alamcode Grama Panchayat for the year 2016-17 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT

MALAPPURAM.

നം.കെ.എസ്.എ.എം.പി.എം.28/1426/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ - 676 505, ഫോൺ : 0483 2734951

ഇ- മെയിൽ: dompm.ksad@kerala.gov.in

തിയ്യതി : 10-07-2017

<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 31.03.2017 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

മലപ്പുറം.